# ASSOCIATION OF SAMASTHA MINORITY INSTITUTIONS (ASMI)

Samasthalayam-Chelari- PO Thenhippalam

ASSOCIATION OF SAMASTHA MINORITY INSTITUTION

ASMI

ASSOCIATION OF SAMASTHA
MINORITY INSTITUTION

# അഫിലിയേഷൻ
# നിയമങ്ങളും & ചട്ടങ്ങളും

859 3900 256

999 5874 256

www.asmischools.in

ASMI Media


**BANK ACCOUNT DETAILS**

| | |
|---|---|
| Name : | ASMI |
| Bank : | SOUTH INDIAN BANK |
| A/C No : | 0478073000000334 |
| Branch : | CHELARI |
| IFSC Code : | SIBL0000478 |


**SAMASTHALAYAM**
Chelari, Thenhipalam (PO), Malappuram Dist
673636, Kerala, India

**യോഗ്യതകൾ:**

അഫിലിയേഷനു വേണ്ടി അപേക്ഷിക്കുന്ന സ്ഥാപനവും മാനേജ്മെന്റും സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെയും അതിന്റെ കീഴ്ഘടകമായ സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന്റെയും ആശയാദർശങ്ങൾ അംഗീകരിക്കുന്നവരും പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവരുമായിരിക്കേണ്ടതാണ്.

**ഉത്തവാദിത്തങ്ങൾ:**

അസ്മിയുടെ സിലബസ് അംഗീകരിക്കുക, മുഴുവൻ പാഠപുസ്തകങ്ങളും പഠിപ്പിക്കുക, പഠന പഠനാനുബന്ധ പ്രവർത്തനങ്ങളും പരീക്ഷകളും കൃത്യമായി നടത്തുക, അസ്മി നടത്തുന്ന മാനേജ്മെന്റ്, പ്രിൻസിപ്പാൾ, കോ-ഓർഡിനേറ്റർ തുടങ്ങിയവരുടെ മീറ്റിംഗുകളിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുക. വിവിധ ഘട്ടങ്ങളിലായി നടത്തപ്പെടുന്ന ട്രെയിനിങ് ക്ലാസുകളിൽ അധ്യാപകരെയും മറ്റ് ബന്ധപ്പെട്ടവരെയും കൃത്യമായി പങ്കെടുപ്പിക്കുക. ആർട്സ് ഫെസ്റ്റ്, പ്രിസം കേഡറ്റ്, ലിറ്റിൽ സ്കോളർ, വൗകിഡ്സ് മാഗസിൻ തുടങ്ങി അസ്മിയുടെ വിവിധങ്ങളായ പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സഹകരിക്കുക, നിയമങ്ങളും അപ്പപ്പോൾ നൽകപ്പെടുന്ന നിർദ്ദേശങ്ങളും യഥാവിധി അനുസരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾ സ്ഥാപനങ്ങൾ നിർബന്ധ ബാധ്യതയായി ഏറ്റെടുക്കേണ്ടതാണ്.

**ഭൗതിക സൗകര്യങ്ങളും ദൂരപരിധിയും:**

നിയമാനുസൃതമായ കെട്ടിടങ്ങൾ, ഓഫീസ് സംവിധാനം, ഡിജിറ്റലൈസ്ഡ് ക്ലാസ്റൂമുകൾ, ആവശ്യമായ ശുചീകരണ മുറികൾ, കളിക്കളം, ഗെയ്റ്റ്, ചുറ്റുമതിൽ, ശിശു സൗഹൃദാന്തരീക്ഷം, അനുയോജ്യമായ ഫർണിച്ചറുകൾ, യോഗ്യരായ അധ്യാപകർ, അസ്മി നിർദ്ദേശിക്കുന്ന മറ്റു സൗകര്യങ്ങൾ എന്നിവ സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. താങ്കളുടെ സ്ഥാപനത്തിന്റെ രണ്ട് കിലോമീറ്റർ ചുറ്റളവിൽ അസ്മി സ്കൂളുകളോ സമസ്തയുടെ തന്നെ മറ്റൊരു സംരംഭമായ ആൽബിറ് സ്കൂളുകളോ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം അവരുടെ എൻ ഒ സി (നിരാക്ഷേപ സാക്ഷ്യപത്രം) കൂടി നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

**നടപടി ക്രമങ്ങൾ :**

അഫിലിയേഷനു വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി www.asmischools.in എന്ന വെബ്സൈറ്റിൽ കാണുന്ന റെജിസ്ട്രേഷൻ ലിങ്ക് പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുകയും അതിന്റെ പ്രിന്റെടുത്ത് സൂക്ഷിച്ച് വെക്കേണ്ടതുമാണ്. അപ്ലിക്കേഷൻ & എൻക്വയറി ഫീസായി 2000 രൂപ ഓഫീസിൽ നേരിട്ടോ, ബാങ്ക് അക്കൗണ്ടിലേക്കോ, ഇതോടൊപ്പം ചേർക്കുന്ന QR കോഡ് സ്കാൻ ചെയ്തോ അടക്കേണ്ടതാണ്..

ബാങ്ക് വഴിയും, QR കോഡ് സ്കാൻ ചെയ്തും അടക്കുന്നവർ സ്ലിപ്പിന്റെ മൊബൈൽ സ്ക്രീൻ ഷോട്ട് സ്ഥാപനത്തിന്റെ പേര് പ്രതേകം എഴുതി ചേർത്ത് ഇതോടൊപ്പം ചേർത്ത മൊബൈൽ നമ്പറിൽ വാട്ട്സാപ്പയി വൈകാതെ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. അപേക്ഷ ലഭിച്ച ശേഷം രണ്ടാഴ്ചക്കുള്ളിൽ അസ്മിയുടെ പ്രതേക ടീം സ്ഥാപനത്തെക്കുറിച്ച് അന്വേഷണം നടത്തുകയും യോഗ്യതയും സാധുതയും സാധ്യതയും പരിശോധിക്കുകയും ചെയ്യുന്നതാണ്. നേരത്തെ പ്രിന്റ് എടുത്ത് വച്ച അപേക്ഷ ഫോറം സ്ഥാപന ഭാരവാഹികളുടെ ഒപ്പും സീലും രേഖപെടുത്തിയ ശേഷം പരിശോധന ടീമിനെ ഏല്പിക്കേണ്ടതാണ്. അതോടൊപ്പം എൻ ഒ സി തുടങ്ങിയ മറ്റ് രേഖകളും അവരെ ഏല്പിക്കേണ്ടതാണ്. പരിശോധകർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസ്മി അഫിലിയേഷൻ സമിതി ആവശ്യമായ തീരുമാനമെടുത്ത് ബന്ധപ്പെട്ടവരെ വിവരം അറിയിക്കുന്നതാണ് അപേക്ഷ അംഗീകരിച്ചതായി ഓഫീസിൽ നിന്ന് വിവരം ലഭിക്കുന്ന സ്ഥാപനങ്ങൾ കാല താമസം വരുത്താതെ അഫിലിയേഷൻ ഫീസായി 5000 രൂപ മേൽ പറഞ്ഞ പോലെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും സ്ലിപ് ഓഫീസിലേക്ക് അയക്കുകയും ചെയ്യേണ്ടതാണ്.പ്രസ്തുത നടപടികൾ പൂർത്തിയാവുന്ന മുറക്ക് അഫിലിയേഷൻ നമ്പറും പാസ്സ്‌വേർഡും കോ– ഓർഡിനേറ്റർക്ക് എസ് എം എസ്സായി അയക്കുന്നതും അതോട് കൂടി പ്രസ്തുത സ്ഥാപനം താത്കാലിക അടിസ്ഥാനത്തിൽ അസ്മിയിൽ അംഗമാവുന്നതുമാണ് . നൽകപ്പെട്ട അഫിലിയേഷൻ നമ്പറും പാസ്സ്‌വേർഡും കൃത്യമായി സൂക്ഷിച്ച് വെക്കേണ്ടതും വെബ് സൈറ്റ് ലോഗിൻ ചെയ്യുന്നതിനുള്ള യൂസർഐഡിയും പാസ്സ്‌വേർഡുമായി ഇവ ഉപയോഗിക്കേണ്ടതുമാണ്.

**അഫിലിയേഷൻ നടപടി പൂർത്തിയായ ശേഷം:**
അഫിലിയേഷൻ നടപടി പൂർത്തിയാവുന്നതോട് കൂടി സ്ഥാപനങ്ങൾ താഴെ പറയുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

**1. നെയിം ബോർഡ്:**
അസ്മിയുടെ എംബ്ലവും Affiliated by ASMI എന്നും രേഖപ്പെടുത്തിയ, കുറഞ്ഞത് 6 X 4 അടിയിൽ കുറയാതെയുള്ള നെയിം ബോർഡ് ശ്രദ്ദേയമായ വിധത്തിൽ സ്കൂളിൽ സ്ഥാപിക്കേണ്ടതാണ്. ബോർഡിൻറെ മാതൃക ഓഫീസിൽ നിന്നും ലഭിക്കും

**2. അധ്യാപകർക്ക് അധിക യോഗ്യത:**
PPTC/TTC എന്നീ അടിസ്ഥാന യോഗ്യതകൾക്ക് പുറമെ അധ്യാപകർ അസ്മിയുടെ പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നതിനുള്ള പ്രതേക യോഗ്യതകൾ കൂടി നേടേണ്ടതിന്റെ ഭാഗമായി അസ്മി ടെറ്റ്, വിവിധ ഘട്ടങ്ങളിലായി അസ്മി നടത്തുന്ന ട്രെയിനിങ് ക്ലാസുകൾ

എന്നിവകളിൽ അധ്യാപകരെ കൃത്യമായി പങ്കെടുപ്പിക്കുകയും നിർദേശങ്ങൾ യഥാ വിധി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

**3. അധ്യാപകേതര വിഭാഗത്തിനും പരിശീലനങ്ങൾ:**

അധ്യാപകർക്ക് പുറമെ ആയമാർ, മോറൽ ടീച്ചേർസ്, അധ്യാപകേതര ജീവനക്കാർ, രക്ഷിതാക്കൾ, സ്ഥാപന ഉടമകൾ എന്നിവർക്കും അസ്മി പ്രത്യേകം പരിശീലനങ്ങൾ നൽകുന്നുണ്ട്, അറിയിപ്പ് ലഭിക്കുന്ന മുറക്ക് ബന്ധപ്പെട്ട എല്ലാവരും പ്രസ്തുത ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതും അവരെ പങ്കെടുപ്പിക്കാൻ ഉത്തരവാധപെട്ടവർ പ്രതേകം ശ്രദ്ധിക്കേണ്ടതുമാണ്.

**4. അസ്മി സോഫ്റ്റ് വെയർ അപ്ഡേഷൻ:**

ഓരോ അധ്യയന വർഷവും ജൂൺ 30 നു മുമ്പായി അസ്മി വെബ് സൈറ്റിലെ പോർട്ടലിൽ സ്കൂളിന്റെ വിവരങ്ങളും പ്രിൻസിപ്പാൾ, കോ–ഓർഡിനേറ്റർ, വിദ്യാർത്ഥികൾ, അധ്യാപകർ, ആയമാർ, മറ്റു ജീവനക്കാർ എന്നിവരുടെ വിവരങ്ങളും പൂർണമായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിവരങ്ങളിൽ പിന്നീട് മാറ്റങ്ങൾ ആവശ്യമെങ്കിൽ അസ്മി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. അസ്മി ഓഫീസിൽ സ്ഥാപങ്ങളുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ മുഴുവൻ മേൽ പറഞ്ഞ സോഫ്റ്റ്‌വെയർ അപ്ഡേഷന് അടിസ്ഥാനപ്പെടുത്തി മാത്രമായിരിക്കുന്നതാണ്.

**5 . അസ്മി കോ–ഓർഡിനേറ്റർ**

സേവന സന്നദ്ധയുള്ള ഉത്തരവാദിത്തപ്പെട്ട ഒരാളെ സ്ഥാപനങ്ങളിൽ അസ്മിയുടെ കോ– ഓർഡിനേറ്ററായി നിശ്ചയിക്കേണ്ടതാണ് . നേരിട്ടും സോഷ്യൽ മിഡിയകൾ വഴിയും മീറ്റിങ്ങുകൾ മുഖേനയും ഇ മെയിൽ, സർക്കുലർ , ലെറ്റർ, ഫോൺ തുടങ്ങിയവയിലൂടെയും നൽകപ്പെടുന്ന അറിയിപ്പുകളും നിർദ്ദേശങ്ങളും കൃത്യമായി ശ്രദ്ധിക്കുകയും നടപ്പിൽ വരുത്തേണ്ടവ യഥാ സമയം നടപ്പിലാക്കി എന്ന ഉറപ്പ് വരുത്തുകയും ചെയ്യേണ്ടത് കോ–ഓർഡിനേറ്ററാണ് . അസ്മിയുമായുള്ള ഔദ്യോഗിക ആശയ വിനിമയവും ഇടപെടലുകളും നടത്തേണ്ടത് കോ–ഓർഡിനേറ്റർ മുഖേന മാത്രമായിരിക്കേണ്ടതാണ് .

**6 . സേവനങ്ങളും സാമ്പത്തിക ബാധ്യതയും:.**

സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന സേവനങ്ങൾ അസ്മിയിൽ നിന്ന് ലഭിക്കുന്നതാണ്.

1. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, എന്നിവർക്ക് വേണ്ടി അസ്മി പുറത്തിരിക്കുന്ന വൗകിഡ്സ് മാഗസിൻ ഓരോ അധ്യയന വർഷവും 5 ലക്കങ്ങൾ.
2 . വിവിധ പരിശീലന പരിപാടികൾ.

3 . മൂന്ന്  ടേമുകളിൽ നടത്തപ്പെടുന്ന പരീക്ഷകൾ / അസെസ്സ്മെന്റുകൾ ഓരോ കുട്ടിക്കും കെ വൈ സി ( Know Your Children ) Record Book.

4 . ഗ്രഡേഷനു വേണ്ടിയുള്ള ഒന്നാം ഘട്ട ഇൻസ്‌പെക്ഷൻ.

5 . വിവിധ റിക്കാർഡുകൾ.

6 . ടീച്ചിങ് എയിഡ് കിറ്റ് .

മേൽ പറഞ്ഞ  സേവനങ്ങൾ ലഭ്യമാകുന്നതിലേക്കായി ഒരു വിദ്യാർത്ഥിക്ക് 300 രൂപ വീതം സ്റ്റുഡന്റ്സ് ഫീസായി സ്ഥാപനങ്ങൾ അടക്കേണ്ടതാണ്.ഈ സംഖ്യ ഫസ്റ്റ് ടേമിൽ ഒറ്റതവണയായോ ഓരോ ഗഡു വീതം മൂന്ന് തവണകളായോ അടക്കാവുന്നതാണ്. ഗഡുക്കളായി അടക്കുന്നവർ ഓരോ ടേമിലെയും പരീക്ഷ / അസെസ്സ്മെന്റിനു തിയതി പ്രഖ്യാപിക്കുന്നതിന് മുമ്പായി അടക്കേണ്ടതാണ്. അല്ലാത്ത പക്ഷം പരീക്ഷക്ക് / അസെസ്സ്മെന്റിനു തടസങ്ങൾ നേരിടുന്നതാണ് .

അസ്മിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ  സ്കൂളുകളും പ്രസ്തുത ഫീസടച്ച് മേൽ പറഞ്ഞ പദ്ധതികൾ സ്കൂളിൽ നിർബന്ധമായും നടപ്പാക്കേണ്ടതാണ്. സ്റ്റുഡന്റ്സ് ഫീസ് നിരക്കിൽ കാലാകാലങ്ങളിൽ ആവശ്യമായ മാറ്റം വരുത്താൻ അസ്മി സെക്രട്ടേറിയേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ് .

അസ്മി നൽകുന്ന പഠനാനുബന്ധ സേവനങ്ങൾ വേറെയുമുണ്ട്. ആവശ്യമുള്ളവർക്ക് മാത്രം അവ നൽകുന്നതും അവർ മാത്രം അതിനുള്ള ഫീസ് അടക്കേണ്ടതുമാണ് .താഴേ പറയുന്നവയാണ് പ്രസ്തുത സേവനങ്ങൾ.

1. വിദ്യാർത്ഥികളുടെ കല സാഹിത്യ കഴിവുകൾ മാറ്റുരക്കുന്ന **ആർട്സ് ഫെസ്റ്റ്**

2. വിദ്യാർത്ഥികളിലെ പ്രതിഭാധനരെ കണ്ടെത്തുന്നതിനുള്ള ലിറ്റൽ സ്‌കോളർ **ടാലെന്റ് സെർച്ച് എക്സാം**

3 . വിദ്യാർത്ഥികളെ ധാർമിക ബോധമുള്ളവരും സന്നദ്ധ സേവന തല്പരരുമാക്കാനുള്ള **പ്രിസം കേഡറ്റ്**

ഈ സേവനങ്ങൾ ആവശ്യമുള്ള സ്ഥാപനങ്ങൾ അതാത് സമയങ്ങളിൽ നൽകപ്പെടുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതും ആവശ്യമായ ഫീസ് അടക്കേണ്ടതുമാണ്

**ഗ്രഡേഷൻ**

അസ്മിയുടെ ഇൻസ്‌പെക്ഷൻ ടീം സ്ഥാപനങ്ങളിൽ സന്ദർശനം നടത്തുന്നതാണ്. അക്കാദമിക നിലവാരം , ഭൗതിക സൗകര്യങ്ങൾ , രേഖകൾ എന്നിവ പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് സ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകുന്നതാണ് .അസ്മി നൽകുന്ന നിർബന്ധിത സേവനങ്ങൾ മുഴുവനും ഉപയോഗപ്പെടുത്തുന്നതിന് പുറമെ ഓപ്ഷണലായി നൽകപ്പെടുന്ന സേവനങ്ങളിൽ സ്ഥാനാപനങ്ങളുടെ പങ്കാളിത്തം , പരിശീലനങ്ങളും മീറ്റിങ്ങുകളിലുമുള്ള പങ്കാളിത്തം ,ഓൺലൈൻ ക്ലാസുകളിലെ പങ്കാളിത്തം , പഠന , പഠനാനുബന്ധ പ്രവർത്തന മികവുകൾ എന്നിവയും ഗ്രഡേഷനു വേണ്ടി പരിഗണിക്കപ്പെടുന്നതാണ്.

ആദ്യ തവണ നടത്തുന്ന സന്ദർശനത്തിന് സ്ഥാപനങ്ങൾ പ്രതേകം ചെലവ് വഹിക്കേണ്ടതില്ല ,എന്നാൽ എ ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട പോരായ്മകൾ പരിഹരിച്ച ശേഷം ഗ്രേഡിൽ ആവശ്യമായ മാറ്റം വരുത്താൻ വേണ്ടി വീണ്ടും പരിശോധന നടത്താൻ ആവശ്യപെടാവുന്നതും അങ്ങിനെയുള്ള പരിശോധനക്കുള്ള ചെലവ് ആ സ്ഥാപനങ്ങൾ വഹിക്കേണ്ടതുമാണ്. ആദ്യ പരിശോധനയിൽ താഴ്ന്ന ഗ്രേഡ് ലഭിച്ച സ്ഥാപങ്ങൾ നിശ്ചിത സമയത്തിനകം നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ വരുത്താൻ തയ്യാറാവാത്ത പക്ഷം അഫിലിയേഷൻ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ എടുക്കാൻ അസ്മി സെക്രട്ടേറിയേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

**അഫിലിയേഷൻ പുതുക്കൽ**

ആദ്യ ഘട്ടത്തിൽ താൽകാലികമായി മാത്രം നൽകപ്പെടുന്ന അഫിലിയേഷൻ വരും വര്ഷങ്ങളിലും തുടരുന്നതിനായി ഓരോ വർഷവും മാർച്ച് മാസം 30 ന് മുമ്പായി 1000 രൂപ റിന്യൂവൽ ഫീസ് അടച്ച് അഫിലിയേഷൻ പുതുക്കേണ്ടതാണ് . ഇങ്ങനെ പുതുക്കിക്കിയവർക്ക് മാത്രമേ അസ്മിൽ നിന്ന് തുടർ സേവനങ്ങൾ ലഭ്യവാക്കുകയൊള്ളു.

**സമാപനം:**

അസ്മിയുടെ സേവനങ്ങളെ കുറിച്ച് പരാതികളും ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഉള്ളവർ നേരിട്ടോ രേഖമൂലമോ ഓഫീസിൽ അറിയിക്കേണ്ടതും പരിഹാരം കാണേണ്ടതുമാണ് .ഒരു കാരണവശാലും സോഷ്യൽ മിഡിയകളിൽ ഇവ ചർച്ചയാകാൻ പാടില്ലാത്തതാണ്.

ഈ നിയമങ്ങളും ചട്ടങ്ങളും മുഴുവനായി വായിച്ച് ഗ്രഹിച്ച ശേഷം മാത്രം അഫിലിയേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അവ പാലിക്കപ്പെടുമെന്ന ഉത്തരവാദപെട്ടവർ ഉറപ്പ് നൽകേണ്ടതും പരിശോധന ടീമിന്റെ കൈവശമുള്ള രേഖയിൽ ഒപ്പ് വെക്കേണ്ടതുമാണ് .

പിന്നീട് അത് ലംഘിക്കുന്ന പക്ഷം അഫിലിയേഷൻ പിൻവലിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാൻ അസ്മി സെക്രട്ടേറിയേറ്റിന് അധികാരമുണ്ടായിരിക്കും .

**ജനറൽ കൺവീനർ അസ്മി**

മേൽ പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും വായിച്ച് മനസിലാക്കുകയും അവ കൃത്യമായി പാലിക്കാൻ തയ്യാറാണെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു.

പ്രസിഡന്റ് :

സെക്രട്ടറി :

പ്രിൻസിപ്പാൾ :

കോ–ഓർഡിനേറ്റർ :

സീൽ :

തിയതി :

സ്ഥലം :